ആദർശപൂർണമായ നാളെയുടെ കഥ പറയുന്ന രാമായണം സർവ ഗുണസമ്പന്നനായ മനുഷ്യനെ തേടിയുള്ള യാത്രകൂടിയാണെന്ന്

ഫാ.പോൾ തേലക്കാട്ട് അഭിപ്രായപ്പെട്ടു. സർവഗുണസമ്പന്നനായ മനുഷ്യൻ ആരെന്ന ചോദ്യം നാരദൻ നേരിട്ടത് രാമൻ എന്ന് മറുപടി നൽകിക്കൊണ്ടായിരുന്നു. ചാവറയിൽ എല്ലാ വർഷവും പതിവുള്ള പോലെ കർക്കടകം ഒന്നിന് നടക്കാറുള്ള രാമായണപാരായണവും മതസൗഹാർദ്ദ പരിപാടിയിലും പങ്കെടുത്ത് മുഖ്യപ്രഭാഷണം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.നാളെയുടെ കഥ പറയുന്നവരാണ് കവികൾ. സങ്കൽപ്പത്തിന്റെ ലോകത്തിലേക്കാണ് അവർ മനുഷ്യനെ നയിക്കുന്നത്. നമ്മെത്തന്നെ പരിവർത്തിപ്പിക്കുന്ന സുകൃതജപമാണ് രാമായണമെന്ന് വേദി ഉദ്ഘാടനം ചെയ്തുകൊണ്ട് ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത് സി.എം.ഐ. പറഞ്ഞു. കെ.എൽ.മോഹനവർമ, ആർ.കെ.ദാമോദരൻ, പി.ഐ.ശങ്കരനാരായണൻ, അയ്മനം രവീന്ദ്രൻ, രാജേന്ദ്ര സിങ്, അഡ്വ. ആന്റണി അമ്പാട്ട്, സിസ്റ്റർ ലിസി ചക്കാലയ്ക്കൽ, ഫാ. സിജുപോൾ പാലത്താനത്ത് സി.എം.ഐ, ഫാ.റോബി കണ്ണൻചിറ സി.എം.ഐ എന്നിവർ പങ്കെടുത്തു.

**വത്തിക്കാൻ തീർത്ഥാടനം ഓഫീസ് ഉദ്ഘാടനം ചെയ്തു**

വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും എവുപ്രാസമ്മയുടെയും വിശുദ്ധപദവി പ്രഖ്യാപന ശുശ്രൂഷകളിൽ പങ്കെടുക്കുന്നതിനു സി.എം.ഐ. സഭ വത്തിക്കാനിലേക്കു തീർത്ഥാടനം ഒരുക്കുന്നതിന്റെ ഭാഗമായുള്ള ഓഫീസ് എറണാകുളം ചാവറ കൾച്ചറൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു. സി.എം.ഐ സഭ ഇവാഞ്ചലൈസേഷൻ ആന്റ് പാസ്റ്ററൽ മിനിസ്ട്രി ജനറൽ കൗൺസിലർ റവ.ഡോ. ജോർജ്ജ് താഞ്ചൻ സി.എം.ഐ. ഉദ്ഘാടനം നിർവഹിച്ചു. ഭാരത കത്തോലിക്കാ സഭയുടെ നൂറ്റാണ്ടുകളുടെ വിശ്വാസ സ്വപ്നഘോഷങ്ങൾക്ക് സാഫല്യം വർഷിക്കുന്ന ഈ പുണ്യനിമിഷങ്ങളിൽ പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കുവാൻ ഈ തീർത്ഥാടനം വിശ്വാസി സമൂഹത്തിന് ഉപകരിക്കട്ടെയെന്ന് അദ്ദേഹം പറഞ്ഞു.

ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. റോബി കണ്ണൻചിറ സി.എം.ഐ. ചാവറ ഇൻസിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസ് പ്രിൻസിപ്പാൾ ഫാ.സിജു പോൾ പാലത്താനത്ത് സി.എം.ഐ., ജോൺസൺ സി.എബ്രഹാം, ജിജോ പാലത്തിങ്കൽ എന്നിവർ പ്രസംഗിച്ചു. **നവംബർ 18മുതൽ 26വരെയും 21മുതൽ 26വരെയുമുള്ള** രണ്ട് പാക്കേജുകളിലാണ് തീർത്ഥാടനം ഒരുക്കുന്നത്. ഫോൺ 9447824575, 9947940404

# State Award for Fr. Paul Pallipadan CMI



Fr. Paul Pallipadan CMI was awarded by MP State Government for the best biodiversity farm. His garden at Tulsipar was being used by the state Department of Bio-diversity for their training programmes for many years. He has grown there all sorts of medicinal plants and fruit trees suitable for the weather conditions of Raisen district. Three years ago he was awarded the best farmer of Raisen district. He believes in natural farming and does not take any chemical fertilisers or pesticides to his farm, but produces a very good crop. He trains the villagers also in the natural farming and has got them registered as natural farmers which gives them a good price for their product. This Award consists of a memento, citation and cash award. MP Biodiversity officials selected his farm as the best after visiting all the registered farms of the state.

We congratulate Fr Paul on this prestigious Award.

**Anusmrithi - 32**

# THE SWANSONG OF A SAINT

When the special Synod on Family is going to take place in Rome in October 2014, it is very appropriate that the age old legacy of our founder St. Chavara to the Christian families be highlighted for our study and reflection. Fr. Thomas Panthaplackal has put in words some of the special features of the text of *Nalla Appante Chavarul* for our serious study during the Chavara Year for the benefit of the Christian families

Chief Editor

Pope Francis has announced a Synod of Bishops, to take place in two sessions this year and the next, to study the burning issues related to families. It is astounding to think about how much care, concern, insight and commitment of our beloved founder St. Kuriakose Elias Chavara went into the writing of his book Testament of a Loving Father *(Nalla Appente Chavarul*) which is an instruction manual for the renewal and sustenance of Christian families. Such authoritative and practical guideline, although written in the second half of nintenth century, are relevant even in contemporary societies, as proved by the popularity of it in the past.

Now we are proud of it that our Major Archbishop George Cardinal Alencherry is going to introduce the *Nalla Appamte Chavarul* before Pope Francis in the special synod on family at Vatican. For this purpose we have prepared the original text in English and Italian with a note on the special featurers of the text.

Testament of a Loving Father is a legacy from our founder father bequeathed to the Christian families. Here I quote the instruction given by St. Chavara to the parishioners of Chennankary as a loving father on what to do with the text. Here also I try to pinpoint the special features of the text.

My dear beloved,

In flesh and blood, I am the son of Kuriakos of Chavara, of the parish of Chennenkary. The omnipotent God most kindly gave me existence in this world and in this family and of these parents. So in the natural order, according to charity and justice, I am bound to be specially grateful to you and to do you a good in turn. But I have not done anything specially for you. Hence I am leaving this document for you, in my own hand-writing. This script will live even after I am dead. So I entrust this to my children of the Kainakary sub-parish to be preserved as a treasure.

Let this be a sign that this is my testament to you my brethren and children in the double order (of spirit and flesh). The countless favours God has bestowed on you are not entirely due to your meritorious lives: they are also earned by the merits of your fore-fathers; take care that you do not render yourselves unworthy of such blessings. That you may remember that I came into this world and that I have left it, copy out of this document by all who can do it so and preserve it in your homes. Keep the original locked in a box in the chapel. On the first Saturday of every month, all of you come together and read it through. Do it to remember the day of my death. I do not ask for any other remembrance. But month after month, after you have read this, I beseech you, breathe a short prayer in my behalf-Oh Lord, keep the soul of this thy servant also in the abode of the just.

13$^{th}$ Kumbhom (February) 1868

Father Kuriakos Elias of the Holy Family
Prior of the Mannanam and other monasteries of
the Discalced Carmelite Tertiaries.

## THE TESTAMENT OF A LOVING FATHER

### The Special Features of the Text

### 1. It is a precept from a loving Father

This is morally binding, as Chavara affirms in the introductory letter to accept it as it is coming from a Progenitor and Spiritual Head and to welcome it as a Testament of a loving Father

- The matter is presented in the form of a code of conduct giving numbering. (Subject divison was given by the publishers later. Now it has a long tradition). He also calls it a mandate for families

- St. Chavara was very prudent in bequeathing such a document first to his own kiths and kins and parishioners at Kainakary, without giving an authoritarian colour from the Vicar General of a Particular Church, thereby making the document more acceptable with 'we' feeling. For the suggestions proposed in the text were more radical and called for an attitudinal change in all relationships, towards God, relatives, neighbours and to oneself.

- With an inner compulsion St. Kurikaose Elias wrote the 40 Point Instruction Manual for the well being of husband and wife, parents, youth and children in the family calling their attention to take social and moral responsibilities.

**2. St. Kurikaose Elias wrote it inspired by Divine Light and Discernment**

Realizing the calamities going to happen in the families where love, peace, order, fraternal charity and fear of God are missing, St.Chavara meditated to find out solutions and prayed for Divine Assistance, as he has mentioned in the introduction. After getting the Divine Light from above only he started writing the directives as an Instruction Manual for the families.

- Since he wrote it with the Divine Inspiration, the Testament remains as a true guide to families for more than 145 years. Because of its worth in renewing the families, many many thousands of copies of the text were circulated among the families in more than 30 editions since 1868.

- It is also a fact that many retreat preachers and animation teams are making use of this Testament of St. Chavara for their renewal programmes related to family, youth and children.

**3. The text Resembles or Reflects;**

1- The Last Blessings of Jacob to his sons. Here Jacob tells about the future of his children and then what is right and what is wrong in them. (Gen, 49: 1-27)

2- The Last Testament of Moses to the people of Israel. Here Moses blesses them according to the nature of their life. ( Deut. 33: 1-29)

3- The last Exhortation of St. Paul to the Elders of the Church at Ephesus. There he says that he was not lazy in giving them correct directives needed for their life. (Acts 20: 18-25)

4- Farewell Discourse of Jesus to His disciples in which Jesus promises them the gift of love and life and what is expected of them (John 13: 31-16:33)

**4. Style of Writing**

St. Kurikaose Elias Chavara uses similes, maxims, philosophical thoughts, stories, parables, life events, scriptural texts, etc., in expounding his teachings on family creating practical and in depth conviction in the readers. The presentation is something similar to that of the Gospel chapters of 5,6,7 of St. Mathew and Chapter 6 of St. Luke.

**5. The approach to various topics**

Chavara applies Scripture, Moral Theology, Philosophy, Psychology, and Spirituality in dealing with various subjects. He exposes the matter through the practical treaties of Ten Commandments

**6. This text can be viewed in three angles.**

a. Family in the plan of God
b. Family in the plan of the Church
c. Family in the plan of the society

**7. Topics Covered:**

- Prayer and sacramental life in the family
- Charitable life in the family
- Healthy relationship in the family

- How to handle wealth and money transaction in the family
- Education of the Children in the family
- Choosing marriage partners and friends in the family
- Dealing with the poor people
- The Servants in the family and their spiritual care
- The communication in the family
- The time table and the use of time in the family
- Modesty and holiness of children in the family
- Upbringing of children in the family
- The discipline in the family
- Festivals and Celebrations in the family
- The choosing of vocation in the family
- The fear of God in the family
- Justice and peace in the family
- Responsibility of the parents in forming children in Christian values
- Responsibility of Children towards parents, and soctiey etc…

**8. From the Historical Perspective**

St. Chavara's text on Family (1868) was the first comprehensive instruction manual on family, not given in the form of a decree for the whole Church. Even though it was given to his parishioners, it appeared universal in character as it was received by all families irrespective of religious differences in Kerala.

- Prior to this document, it seems that there was only one magisterial teaching on marriage promulgated by the Council of Trent (1545-1563). It was in answer to the Protestant Reformers on the issue of marriage.

**9. Some of the official teachings of the Church related to the family by the Popes**

1. On Christian marriage - 10 February 1893 by Pope Leo XIII
2. Encyclical, *Casti Connubi* (Chastity in marriage) 31 December 1930 by Pope Pious XI
3. *Humane Vitae* (on Human life) 1968 by Pope Paul VI
4. The First Exhortation given to the family is on the Sacredness of marriage and family in *Gaudiun at Spes* of Vatican Council II

5. The vocation and mission of the Laity in the Church, the Apostolic exhortations of Pope John Paul II, 1987.

**10.St. Chavara's definition on Family:**

**"A good Christian family is the image of heaven, when members live together by the bond of blood and affection, duly respecting and obeying the parents, walking peacefully before God and people, seeking eternal salvation according to each one's proper state of life."**

1. **A good Christian family is the Image of Heaven** when there are these five elements in the practice:

a) Bond of blood and affection
b) Respect and obedience to parents
c) Peace with God and People
d) Seeking eternal salvation according to the Divine call
e) Unity

2. **Children are sacred treasures entrusted to the parents by God. Know you that these children have been entrusted in your hands, to be purified with the most precious blood of the Lord, to be trained up in His service and to be returned to Him on the judgment day.**

**Thus the duties of the parents towards the children are:**

a) They are to be purified with the most precious blood of Christ through sacramental life
b) They are to be trained up in His service
c) They are to be returned to Him on the judgment day

Even though the text **'The Testament of a Loving Father'** by St. Chavara is a small booklet in appearance, it contains matter for several volumes for the sustenance of a good Christian family. Only very few lines in the text may be found not very reasonable according to the modern context. Now it is our task to suit this testament to the needs of the family members by making it a study material for the good of the universal Church

GEORGE CARDINAL ALENCHERRY
*Major Archbishop of the Syro-Malabar Church*

Prot. No. 1483/2014 18 August 2014

## THE SWAN SONG OF A SAINT
## A CHAVARA LEGACY TO CHRISTIAN FAMILIES

Pope Francis, has announced a Synod of Bishops, to take place in two sessions this year and the next, to study the issues and challenges related to families. In this context it is most appropriate to make a serious study about the perspectives of St Chavara on families. Testament of a Loving Father (*Nalla Appante Chavarul*) written by St Kuriakose Elias Chavara is a road map given by him for families. It deals with how families were renewed through sacramental life, how fraternity and charity should be nurtured in families, what is the spirit with which we could grow in holiness, and the duties and responsibilities of parents and children to live in a society. When I realize that they were written a century and a half ago, I am amazed at how relevant his writings are for this day and age. And the saint himself mentioned that he wrote this testament to the families while at prayer seeking the light of inspiration in a special way.

This book which is very handy throws light on how a family should lead a life according to the Divine Providence leading a fruitful-life in the church and in the society. Through many anecdotes, stories, examples and other figures of speech, he unfolds a forty point action plan detailing the duties and responsibilities of the parents and children. It is quite gratifying to know that this testament is being used widely in many dioceses for family renewal. Quite a few of the official teachings about the families found in the *Catechism of the Catholic Church* and the *Documents of Vatican Council II* are reverberating in this book of St Chavara, is a matter of pride for the Syro-Malabar *sui iuris* church. It is a testimony of the importance of the subject covered in this book that thousands of copies of this book have been published in umpteen editions over the years and they reached so many families.

During this time and age in which we live, when families, the fundamental units of human society, are undergoing tremendous crises and challenges, let us turn to St Chavara, who is a special patron for various needs of families in the divine presence, and earnestly study his directives for making our families ideal. It will be a unique contribution for family renewal from the patrimony of Syro-Malabar Church to the universal church to have it published in more languages as it is translated into English and Italian. I sincerely wish that this very year when St Kuriakose Elias Chavara is canonized, our dioceses, priests, religious and faithful take keen interest and undertake serious studies on this book, *Nalla Appante Chavarul*. I pray for the special grace and blessings to CMI Congregation and to all who worked behind the translation of this great spiritual book.

+ G Alencherry

Georg Cardinal Alencherry
Major Archbishop of the Syro-Malabar Church

MAR GEORGE ALENCHERRY • MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727
E-mail: majorarchbishop@gmail.com; majorarchbishop@hotmail.com

*From the Dept. of Reasearch & Documentation*

# GOLDEN RECORDS - 28

# നല്ല ഒരപ്പന്റെ ശാവുപൊരുൾ


തലവാചകം

*സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബം ദൈവവിശ്വാസം പ്രവർത്തിയിൽ കൊണ്ടുവരുന്ന ഇടമാണ്, വിശ്വാസിക്കുവാൻ പരിശീലനം ലഭിക്കേണ്ടതും അവിടെത്തന്നെ. 'ഗാർഹിക സഭ' എന്ന് കുടുംബത്തെ രണ്ടാം വത്തിക്കാൻ കൗൺസിൽ നിർവചിച്ചിട്ടുണ്ട്. അതിന് ഒരു നൂറ്റാണ്ടു മുമ്പു തന്നെ 'കുടുംബം സ്വർഗരാജ്യത്തിന്റെ സാദൃശ്യമാണ്' എന്ന് ചാവറപ്പിതാവ് തന്റെ ഇടവകക്കാരെ പഠിപ്പിച്ചു. ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കുന്ന കുടുംബം മാത്രമെ സ്നേഹത്തിൽ നിലനിൽക്കുകയുള്ളൂ എന്ന ഉറച്ച ബോധ്യമാണ് ഈ കത്തെഴുതാൻ ചാവറപ്പിതാവിനെ പ്രേരിപ്പിച്ചത്. ഒരു നല്ല കുടുംബത്തിൽ ഉണ്ടായിരിക്കേണ്ട അവശ്യഗുണങ്ങൾ നാല്പതെണ്ണം അക്കമിട്ട് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. ചിലതിൽ ഉൾപിരിവുകളും ഉണ്ട്. ഓരോ ആശയവും മനസ്സിൽ പതിയത്തക്കവിധം കൊച്ചു കൊച്ചു കഥകളും സംഭവങ്ങളും മഹാത്മാക്കളുടെ ഉദ്ധരണികളും തിരുവചനങ്ങളും അനുഭവങ്ങളും കൂട്ടിച്ചേർത്ത് വളരെ ആകർഷകമായി ഒരുക്കിയിരിക്കുന്ന ഒരു ചെറുഗ്രന്ഥമാണിത്. കൈനകരി ഇടവകക്കാരോടുള്ള തന്റെ ബന്ധവും സ്നേഹവുമാണ് ഇതെഴുതാൻ തന്നെ പ്രേരിപ്പിച്ചതെന്ന് ആരംഭത്തിൽ കൊടുത്ത കത്തിൽ തുറന്നു പറയുന്നുണ്ട്. ഉള്ളടക്കത്തിലേയ്ക്കു കടക്കുമ്പോൾ, തുടക്കത്തിൽത്തന്നെ അവരോടു പറയുന്നത് ഇപ്രകാരമാണ്: ക്രമമില്ലാത്ത കുടുംബങ്ങൾ, അധികമായ സങ്കടങ്ങൾ, നാശങ്ങൾ, വഴക്കുകൾ, മരണങ്ങൾ എന്നിവയ്ക്ക് കാരണമാകുന്നു. ഇപ്രകാരമുള്ള തിന്മകളും നാശങ്ങളും ഇനിയും വന്നു ഭവിക്കാതിരിക്കാൻ എനിക്കുള്ള അധികമായ ആഗ്രഹം മൂലമാണ് ആത്മരക്ഷയെ പ്രതിയുള്ള തീക്ഷ്ണതയാൽ പരിശുദ്ധാത്മാവിന്റെ പ്രകാശം യാചിച്ചുകൊണ്ട് ഈ കുടുംബക്രമം അഥവാ ചട്ടം എഴുതിയുണ്ടാക്കിയത്. കുടുംബശാസ്ത്രം, സാംസ്ക്കാരികശാസ്ത്രം, മന:ശാസ്ത്രം, മര്യാദവിധികൾ എന്നിവ കാര്യമായി രൂപപ്പെട്ടിട്ടില്ലാതിരുന്ന ആ കാലത്ത് അദ്ദേഹമെഴുതിയ ചാവരുൾ കുടുംബജീവിത്തിന്റെ 'മാഗ്നാ കാർട്ടാ' യായി അംഗീകരിക്കപ്പെടുന്നുണ്ട്. മാതാപിതാക്കളുടെയും മക്കളുടെയും സമൂഹത്തിലെ ഇതര തുറകളിലുള്ളവരുടെയും കടമകളെയും ഉത്തരവാദിത്തങ്ങളെയുംകുറിച്ച് വിശദീകരിച്ചിരിക്കുന്ന ഈ ഗ്രന്ഥം കുടുംബശാസ്ത്രം പഠിക്കുന്നവർ വിഷയമാക്കേണ്ടതാണ്.*

*മുപ്പതിലേറെ പതിപ്പുകളിലൂടെ ഇതിന്റെ ലക്ഷക്കണക്കിനു പ്രതികൾ കേരള സമൂഹം ഏറ്റു വാങ്ങിയിരിക്കുന്നു എന്നത് ഈ ചെറുഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിന്റെ പ്രസക്തിയെയും ആകർഷണീയതയെയും തെളിയിക്കുന്നു. ഇതിലെ ഉദ്ധരണികളും സൂക്തങ്ങളും*

*ഹിന്ദി, തമിഴ്, കന്നഡ, മറാഠി മുതലായ ഭാരതീയ ഭാഷകളിലും ഇംഗ്ലീഷിലും പലവുരു പ്രസിദ്ധം ചെയ്തിട്ടുണ്ട്.* 2014 ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന കുടുംബത്തെക്കുറിച്ചുള്ള സിനഡിൽ ചാവറപിതാവിന്റെ ഈ കുടുംബക്രമം ചർച്ചവിഷയമാകും എന്നതും ഭാരതസഭക്ക് എന്നും അഭിമാനമായിത്തീരുന്ന വാർത്തയാണ്. നിലവിൽ ഉപയോഗത്തിലുള്ള മലയാളം പതിപ്പുകളിൽ ഇതെഴുതിയത് 1868-ാം കാലം കുംഭമാസം 23-ന് എന്നാണ്. എന്നാൽ ഒറിജിനൽ കയ്യെഴുത്തിലുള്ളത് കുംഭമാസം 13-ന് എന്നാണ്. ചാവറപിതാവിന്റെ നല്ല അപ്പന്റെ ചാവരുൾ എന്ന തലവാചകവും നല്ല ഒരപ്പന്റെ ശാവു പൊരുൾ എന്നാണ് ഒറിജിനിലിൽ ഉള്ളത്. ഇപ്പോൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന പതിപ്പുകളിലൂള്ള തലക്കെട്ടുകളും ഉപതലക്കെട്ടുകളും കയ്യെഴുത്തുരേഖയിൽ കാണുന്നില്ല. വായനക്കാരുടെ എളുപ്പത്തിനുവേണ്ടി പിന്നീട് ചേർക്കപ്പെട്ടിട്ടുള്ളതാണ്. കയ്യെഴുത്തുപ്രതിയിൽ 24 പേജുകളാണുള്ളത്. അതിന്റെ ആദ്യപേജുമാത്രമാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്. ഈ പ്രാവശ്യത്തെ അനുസ്മൃതിയിൽ നല്ല ഒരപ്പന്റെ ചാവരുളിനെക്കുറിച്ചുള്ള ചെറിയൊരു പഠനമാണ് കൊടുത്തിരിക്കുന്നത്.

ഫാ.തോമസ് പന്തപ്ലാക്കൽ.സി.എം.ഐ.

# ചാവറവർഷ ലോഗോയിലെ പ്രചോദനവാക്യങ്ങൾ

2014 ഓഗസ്റ്റ് 15 മുതൽ 2015 ഓഗസ്റ്റ് 15 വരെ ഒരുവർഷം സി.എം.ഐ. സഭ ചാവറ വർഷമായി ആചരിക്കുകയാണല്ലോ. സഭ യുടെ സ്ഥാപകപിതാവിന്റെ വിശുദ്ധപദ പ്രഖ്യാപനം സഭാംഗങ്ങൾ അഭിമാനത്തോടും സന്തോഷത്തോടും കൂടി ഏറ്റുവാങ്ങുമ്പോൾ അ തിനോടൊപ്പം അദ്ദേഹത്തിന്റെ ജീവിതംതന്നെ മാതൃകയാക്കാനുള്ള ശ്രമവും കൂടിയാണ് ചാവറവർഷത്തിലൂടെ നമ്മൾ ഏറ്റെടുക്കുക.

സ്വയം വിശുദ്ധീകരണവും ആത്മാക്കളുടെ രക്ഷയും എന്ന ല ക്ഷ്യത്തോടെയാണ് നമ്മുടെ സഭാപിതാക്കന്മാരായ പാലക്കൽ, പോ രൂക്കര, ചാവറയച്ചന്മാർ സന്യാസസഭയ്ക്കു തുടക്കംകുറിച്ചതും സ് തബിലിനി മെത്രാന്റെ അനുവാദം ലഭിച്ചതും. ദൈവേഷ്ടം നിർവ ഹിക്കാനും ദൈവതിരുമനസ്സുമാത്രം അന്വേഷിക്കാനും ഒരുമിച്ചു പ്ര വർത്തിച്ചു തുടങ്ങിയ ഇവരുടെ ആഗ്രഹങ്ങളും നടപടികളും ദൈ വപരിപാലനയിൽ പുഷ്പിച്ചത് ചാവറപിതാവിലൂടെ ആയിരുന്നു. അദ്ദേഹത്തെ നയിച്ച രണ്ടു പ്രചോദകചിന്തകളാണ് ചാവറവർഷ ത്തിന്റെ ലോഗോയുടെ സാരാംശം. "നിന്റെ ദിവ്യഗുരുവായിരിക്കു ന്ന ഈശോമിശിഹായെ അനുഗമിക്കുന്നതിനും, സകലതിലും ത ന്റെ ദാസനായി നടന്നുകൊണ്ട്, അവിടുത്തെ തിരുരക്തം എന്ന മ തിച്ചുകൂടാത്ത വിലകൊടുത്തു വാങ്ങിയിരിക്കുന്ന നിന്റെ ആത്മാ വിനെയും ശേഷം സഹോദരങ്ങളുടെ ആത്മാക്കളെയും അവിടു ത്തോടു ചേർപ്പാനായി, പാപത്തിൽ നിന്നു ഒഴിയുന്നതിനും, മറ്റുള്ള വരുടെ പാപങ്ങളെ ഒഴിപ്പിക്കുന്നതിനും, പുണ്യങ്ങളെ ചെയ്യുന്നതി നു മറ്റുള്ളവരെക്കൊണ്ടു ചെയ്യിക്കുന്നതിനും ആണ് ദൈവം നിന്നെ ഈ ജീവിതാന്തസ്സിലേക്കു ക്ഷണിച്ചിരിക്കുന്നത്" (ധ്യാനസല്ലാപങ്ങൾ, 1981,50). ഈ വാക്യത്തിന്റെ ചുരുക്കമാണ് 'സ്വയവിശുദ്ധീകരണവും ആത്മാക്കളുടെ രക്ഷയും' എന്നത്. ഈ രണ്ടു കാര്യകാര്യങ്ങളും ല ക്ഷ്യമിട്ടാണോ നമ്മുടെ വ്യക്തിജീവിതവും സമൂഹജീവിതവും എ ന്നതാണ് ഈ വർഷത്തെ അന്വേഷണവിഷയം.

രണ്ടാമത്തെ വാക്യം "ദൈവതിരുമനസ്സ് നടക്കും, നടത്തും" എന്നതാണ്. മനുഷ്യരെക്കുറിച്ചുള്ള ദൈവികപദ്ധതിയാണ് ദൈവതിരുമനസ്സ് എന്നത്. അത് അവസരോചിതമായി വെളിപ്പെടുത്തി കിട്ടുമ്പോൾ നടപ്പിലാക്കുന്നത് മനുഷ്യന്റെ പ്രവർത്തിയും. ചാവറപിതാവ് തന്റെ വ്യക്തിത്വത്തിലേക്കു തിരിഞ്ഞുനോക്കിയപ്പോൾ ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ലെന്നും ദൈവം ക്രമീകരിക്കുന്നതിനോടു മനുഷ്യൻ പൂർണമായും സഹകരിക്കണമെന്നും ഈ സഹകരണത്തിലും ദൈവം തന്നെയാണ് പ്രവർത്തിക്കുന്നതെന്നും ദൈവം ചെയ്യിച്ചതാണ് തന്റെ ജീവിതത്തിൽ സംഭവിച്ചതെല്ലാമെന്നും തിരിച്ചറിഞ്ഞു: "ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ, ഇത്രടം നീ വന്നത് എങ്ങനെ, വീട്ടിൽ നിന്നാരു വിളിച്ചു?, പട്ടത്തിന് എങ്ങനെ കേറി, കൊവേന്തയിൽ എങ്ങനെ കൂടി, സഭ എങ്ങനെ കിട്ടി, പ്രിയോരെന്നാരു വിളിച്ചു?, ഇവിടെ എങ്ങനെ വന്നു? ഇതൊന്നിനു നിന്നെ കൊള്ളാമോ? ഇല്ലയില്ല നിശ്ചയം! അപ്പോഴോ തിരുമനസ്സ് നടക്കും, നടത്തും" (ധ്യാനസല്ലാപം, 1881,13). 'അപ്പോഴോ, ദൈവതിരുമനസ്സ് നടക്കും, നടത്തും' എന്നു ചാവറപിതാവ് പറഞ്ഞതിന്റെ അന്തഃസത്ത മനുഷ്യനെക്കുറിച്ചുള്ള ദൈവികപദ്ധതിയിൽ ദൈവതിരുമനസ്സാണ് നടക്കേണ്ടത്; അതുമാത്രമാണ് നടത്തപ്പെടേണ്ടത് എന്നുമാണ്. ഈ വാക്യം ചാവറപിതാവിന്റേതാണോ, ഇതെവിടെയാണ് കുറിച്ചിരിക്കുന്നത്, ഇതിലെ പ്രയോഗം ശരിയാണോ എന്നു പലരും ചോദിച്ചതു കൊണ്ടാണ് ലോഗോയുടെ വിശദീകരണമായി ഇപ്രകാരം കുറിച്ചത്.

## ചാവറ, ഏവുപ്രാസ്യാ നാമകരണ നടപടി ലോഗോ

2014 നവംബർ 23-ാം തിയതി റോമിലും നവംബർ 29-ന് കൊച്ചിയിലും 2015 ജനുവരി 3-ന് മാന്നാനത്തും ജനുവരി 10-ന് ഒല്ലൂരും ഫെബ്രുവരി 10-ന് കൈനകരിയിലുമായി ചാവറപിതാവിന്റെയും ഏവുപ്രാസ്യാമ്മയുടെയും നാമകരണനടപടികളും കൃതജ്ഞതാബലിയും തിരുന്നാളാഘോഷങ്ങളും നടക്കുകയാണല്ലോ. ഈ അവസരങ്ങളിൽ ഉപയോഗിക്കുവാനായി രൂപപ്പെടുത്തിയിരിക്കുന്ന ലോഗോ തരുന്ന സന്ദേശമിതാണ്.

1. തോമ്മാശ്ലീഹായാൽ ക്രിസ്തുവിലേക്ക് നയിക്കപ്പെടുന്ന കപ്പൽ തീർത്ഥാടന സഭയായ സീറോമലബാർ സഭയാണ്. യുഗോന്തോ

ന്മുഖമായി നീങ്ങുന്ന കപ്പലിനെ നയിക്കുന്ന ദൈവികസാന്നിദ്ധ്യമാണ് കുരിശ്.

2. കപ്പലിൽ നിന്നു കുരിശിലേക്കുയരുന്ന നാളങ്ങൾ സീറോമലബാർ സഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിശുദ്ധരുടെ ഗണമാണ്.

3. കപ്പലിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്ന പാമരമാകുന്ന കുരിശിന്റെ ശക്തിയാൽ കാറ്റും കോളും നിറഞ്ഞ ഈ ലോകസമുദ്രത്തിലൂടെ നീങ്ങുന്ന മനുഷ്യകപ്പലിനെ ലക്ഷ്യത്തിലേക്ക് നയിക്കാൻ സഹായിക്കുന്ന നിയന്ത്രണപായകളാണ് പ്രാർത്ഥനയും പരസ്നേഹപ്രവർത്തനവും. ഇവ രണ്ടും ജീവിതമാതൃകകളാക്കിയ ചാവറപിതാവിനെയും ഏവുപ്രാസ്യാമ്മയെയും ദൈവം വിശുദ്ധ സാക്ഷ്യമാക്കി ഉയർത്തി വീണ്ടും ലോകത്തിനു നൽകിയിരിക്കുന്നു.

N.B. രണ്ടു ലോഗോകളും കർമ്മെലസന്ദേശത്തിന്റെ പുറം കവറിന്റെ ഇരുവശങ്ങളിലുമായി നൽകിയിരിക്കുന്നു.

***ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.***

# ചാവറപിതാവ് അടിസ്ഥാനമിട്ട പള്ളികൾ

നമ്മുടെ സഭയുടെ ഏറ്റവും ആധികാരികമായ രേഖകളിലൊന്ന് ആശ്രമങ്ങളിൽ എഴുതിവെയ്ക്കുന്ന നാളാഗമമാണ്. ചാവറപിതാവിൽ ഇന്നു അവരോധിക്കുന്ന നിരവധി കാര്യങ്ങൾക്ക് ആധികാരികത തരുന്നത് അദ്ദേഹത്തിന്റെ ജീവിതകാലത്ത് അദ്ദേഹം എഴുതിയതോ അദ്ദേഹത്തിന്റെ ഒപ്പമുണ്ടായിരുന്നവർ എഴുതിയതോ ആയ രേഖകളാണ്. ഇപ്രകാരം എഴുതപ്പെട്ട നാളാഗമങ്ങളിലും മറ്റിതര ചരിത്രരേഖകളിൽ നിന്നും ലഭിച്ച സൂചനകളിൽ നിന്നു ചാവറപിതാവ് ആറു പള്ളികൾക്ക് അടിസ്ഥാന കല്ലിട്ടതായി കാണുന്നു. 1872 വരെ എഴുതപ്പെട്ട മാന്നാനം നാളാഗമത്തിൽ നിന്നും പാറപ്പുറത്തു വർക്കിയച്ചൻ എഴുതിയ സി.എം.ഐ. സഭാചരിത്രത്തിൽ നിന്നും ആ കാര്യങ്ങൾ സ്ഥാപിക്കത്തക്ക വിധമുള്ള ചില ഇടവകകളുടെ രേഖകളിൽ നിന്നുമാണ് ഇതിനുള്ള പ്രധാന തെളിവുകൾ ലഭിച്ചിരിക്കുന്നത്. പല പള്ളികൾക്കും കല്ലിട്ടത് അദ്ദേഹം സുറിയാനി സഭയുടെ വികാരി ജനറൽ ആയിരുന്നപ്പോഴാണ് ചിലത് വികാരി ജനറൽ ആകുന്നതിനു മുമ്പുള്ള കാലത്താണ്. ഈ കാര്യങ്ങളിൽ കുറേക്കൂടി ആഴത്തിൽ പഠിക്കേണ്ടതുണ്ട് എങ്കിലും സാമാന്യം ഉറപ്പുകിട്ടിയ പള്ളികളുടെ പേരുകൾ മാത്രമാണ് ഇവിടെ ചേർത്തിരിക്കുന്നത്. തുടർപഠനത്തിന് ഉദ്ദേശമുണ്ട്. എല്ലാവരുടെയും ശ്രദ്ധയെ ഈ കാര്യത്തിനു ക്ഷണിക്കുകയും ചെയ്യുന്നു. പല പള്ളികളുടെയും വർഷവും തിയതിയും അവ്യക്തമായതുകൊണ്ട് ഇപ്പോൾ പേരുകൾ മാത്രം അവതരിപ്പിക്കുന്നു. ചില പള്ളികൾ പുതുക്കിപണിയുന്നതിനു വേണ്ടിയാണ് ചാവറപിതാവ് കല്ലിട്ടിരിക്കുന്നത്.

### *ചാവറപിതാവ് കല്ലിട്ട പള്ളികളുടെ പേരുകൾ*

1. മുട്ടാർ പള്ളി
2. കുടവെച്ചൂർ പള്ളി
3. വൈക്കം പള്ളി
4. ശ്രാമ്പിക്കൽ പള്ളി എന്നറിയപ്പെട്ടിരുന്ന പള്ളിത്തോട് പള്ളി (ചേർത്തല)
5. ഇടമറ്റം പള്ളി
6. കൈനകരി കപ്പേള

*ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.*

*പുസ്തക പരിചയം*

## ഡോ. ജെ. എസ്. തേക്കുങ്കൽ CMI

# ചാവറദർശൻ:

## ഒരു പുണ്യപുരുഷന്റെ ഉൾക്കാഴ്ചകൾ

ദീപിക ബുക്ക് ഹൗസ്, കോട്ടയം, വില 80 രൂപ

ചാവറപിതാവിനെയും ഏവുപ്രാസ്യാമ്മയെയും വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുകയാണ് 2014 നവംബർ 23-ന്. ഓരോ കേരള ക്രിസ്ത്യാനിക്കും ഒരു "ഇരട്ടി മധുരത്തിന്റെ" നാളായിരിക്കും അത്.

"വിശുദ്ധരെ സ്വീകരിക്കാൻ വിശുദ്ധരാവുക" എന്നതാണ് ഈ കാലത്തിന്റെ ആഹ്വാനം. അതിനുപകരിക്കുംവിധം, പ്രത്യേകിച്ചും ചാവറപുണ്യവാന്റെ ജീവിതത്തിലേക്കും ദർശനങ്ങളിലേക്കും വെളിച്ചം വീശുന്നു ജെ. എസ്. തേക്കുങ്കലച്ചന്റെ "ചാവറദർശൻ: ഒരു പുണ്യപുരുഷന്റെ ഉൾക്കാഴ്ചകൾ" എന്ന പുതിയ പുസ്തകം.

ചാവറയച്ചനെക്കുറിച്ച് ആഴമായി പഠിക്കുകയും 'ഇതാ ചാവറയച്ചൻ', 'കേരളത്തിന്റെ പുരോഹിതപുണ്യം', 'ചാവറയച്ചൻ കടന്നുപോയ വഴികൾ' തുടങ്ങിയ ശ്രദ്ധേയമായ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്ത ജെ.എസ്.തേക്കുങ്കലച്ചൻ ചാവറപിതാവിന്റെ ദർശനങ്ങളെ കാലോചിതമായി വ്യാഖ്യാനിച്ചു നൽകുന്നുണ്ട് ഈ പുസ്തകത്താളുകളിൽ.

ചാവറപുണ്യവാന്റെ 'ആബാനുഭവം', 'അരൂപിയുടെ നിറവ്', 'മരിയോന്മുഖത്വം' തുടങ്ങിയവ അദ്ദേഹത്തിന്റെ ദർശനങ്ങളെ എങ്ങനെ സമ്പന്നവും പ്രകാശപൂരിതവുമാക്കുന്നെന്ന് തേക്കുങ്കലച്ചൻ വെളിവാക്കുന്നുണ്ട്.

ചാവറയുടെ കുടുംബദർശനം, വിദ്യാഭ്യാസ ദർശനം, സാമൂഹ്യദർശനം, വൈദിക ദർശനം, ദിവ്യകാരുണ്യ ദർശനം, സന്ന്യാസദർശനം, മരിയദർശനം എന്നീ ഏഴ് അദ്ധ്യായങ്ങളിലായി ചാവറ ദർശനങ്ങളുടെയും ആദ്ധ്യാത്മികതയുടെയും സമ്പന്നതയെ നമുക്കു കണ്ടെത്താനാവും.

ചാവറദർശനങ്ങൾ ഒരു പ്രത്യേക കാലഘട്ടത്തിൽ രൂപം കൊണ്ടവയാണ്. അവയ്ക്ക് അതിന്റേതായ ചില്ലറ പരിമിതികൾ ഉണ്ടുതാനും. പക്ഷേ സ്ഥലകാലാതിശായിയായ മൂല്യങ്ങൾക്കു മാറ്റമുണ്ടാവില്ല. അവയെ ആപേക്ഷികരിക്കാനോ തള്ളിക്കളയാനോ സാധ്യമല്ലതാനും. ഉദാഹരത്തിന് കുടുംബം, വിദ്യാഭ്യാസം, സന്ന്യാസം തുടങ്ങിയ രംഗങ്ങളിൽ ഇന്ന് പ്രകടമാക്കുന്ന മൂല്യച്യുതിയെ ചാവറയച്ചന്റെ ദർശന പശ്ചാത്തലത്തിൽ വിമർശനാത്മകമായി കാണുവാനും ഗ്രന്ഥകർത്താവ് മടിക്കുന്നില്ല. ഉദാഹരണത്തിന്, സന്ന്യാസത്തെ തോന്ന്യാസമാക്കുന്ന വികലപ്രവണതയെ ചാവറയച്ചൻ അന്നേ വിമർശിച്ചിട്ടുണ്ട്. ധ്യാനസല്ലാപങ്ങളിലും സഭാംഗങ്ങൾക്കെഴുതിയ കത്തുകളിലും അത്തരം രക്ഷാകര വിമർശനങ്ങൾ കാണാം:

"പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനു വേണ്ടി ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും പുണ്യാത്മാക്കളുടെ സങ്കേതവുമായിരിക്കുന്നതുമായ ഈ കൊവേന്തകൾ കാര്യസ്ഥന്മാരുടെ കൂട്ടവും സ്വന്ത ഇഷ്ടത്തിന്റെ വീടുകളും പൊത്തുവരുത്തമായിട്ട് പ്രധാന കാര്യങ്ങളെമാത്രം കാർപ്പാൻ നോക്കുന്ന ആളുകളുടെ ഭവനസ്ഥലങ്ങളുമായിരിക്കുന്നു...." (സമ്പൂർണ്ണകൃതികൾ vol. 4, p. 90-91). സന്ന്യാസ ചൈതന്യം വാർന്ന് ഈ പോക്കുപോയാൽ 'കൊവേന്തകൾ ചുരുങ്ങിയ കാലത്തിനകത്ത് ഇല്ലാതാകു'മെന്നുപോലും ചാവറപിതാവ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഇത്തരത്തിലൊരു പ്രവാചക ദൗത്യവും തേക്കുങ്കലച്ചന്റെ ലേഖനങ്ങളിൽ തെളിഞ്ഞു വരുന്നുണ്ട്.

അനുബന്ധമായി 'ഒരത്ഭുതത്തിന്റെ നാൾവഴികൾ' ചേർത്തിരിക്കുന്നു. പാലാ കത്തീഡ്രൽ ഇടവകയിലെ കൊട്ടാരത്തിൽ മരിയ എന്ന ഒൻപതുവയസ്സുകാരിയുടെ വികൃതമായ കോങ്കണ്ണ് (Squint Eye) ചാവറപിതാവിന്റെ മാദ്ധ്യസ്ഥം വഴി അത്ഭുതകരമായി പെട്ടെന്ന് സുഖമായി. ഈ അത്ഭുതസുഖ പ്രാപ്തിയാണ് വിശുദ്ധ പദവി പ്രഖ്യാപനത്തിന് ആധാരമായി റോമിലെ തിരുസംഘം അംഗീകരിച്ചത്. അതേക്കുറിച്ചുള്ള ലഘുവിവരണം വായനക്കാരുടെ ജിജ്ഞാസ ശമിപ്പിക്കാനുതകും.

ചാവറപിതാവിന്റെ ജീവിതത്തോടു ബന്ധപ്പെട്ട ഏതാനും വർണ്ണചിത്രങ്ങളും ഓരോ അദ്ധ്യായത്തിനും പറ്റിയ മറ്റു ചിത്രങ്ങളും ഈ പുസ്തകത്തെ സമ്പന്നവും ആകർഷകവുമാക്കിയിട്ടുണ്ട്.

അവതരണ മൊഴിയായി ബഹുമാനപ്പെട്ട മാത്യു ചന്ദ്രൻകുന്നേലച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെ: "അനുഗ്രഹത്തിന്റെ വഴികളിൽ നടക്കുന്നതിന്റെയും ആശ്വാസത്തിന്റെ പൂമര ചുവട്ടിൽ വിശ്രമിക്കുന്നതിന്റെയും അനുഭവമാണ് പ്രചോദനാത്മകമായ ഈ ചെറുഗ്രന്ഥം വായിക്കുമ്പോൾ ഉണ്ടാവുക...

"അയത്നലളിതമായി വായിച്ചുപോകാവുന്ന ഈ പുസ്തകം ചാവറപിതാവിന്റെ വിശുദ്ധ പദപ്രഖ്യാപന വേളയിൽ വീട്ടിൽ സൂക്ഷിക്കാവുന്ന ഒരമൂല്യ നിക്ഷേപമാണ്.

### ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ

## അഗതിയുടെ സുവിശേഷം

പബ്ലിഷേഴ്സ്: എസ്.ഡി.ജനറലേറ്റ്, ആലുവ, വില. 199/-

ബൈബിൾ പണ്ഡിതനായ ഫാ.പോൾ കല്ലുവീട്ടിൽ സി.എം.ഐയുടെ ഈ പുതിയ ഗ്രന്ഥം തികച്ചും പുതുമയും തനിമയും നിറഞ്ഞതാണ്. യേശുവിനെ അഗതികളിൽ അഗതിയായി അവതരിപ്പിച്ചിരിക്കുന്നു. അവിടുന്ന് അഗതികളിൽ അഗതിയായി ജനിച്ചു, ജീവിച്ചു, മരിച്ചു. ആ ജീവിതകഥ അഗതിയുടെ സുവിശേഷമാണ്. ദൈവനന്ദനനായ യേശു നമ്മോടുള്ള സ്നേഹത്തെപ്രതി സ്വയം വെറുമയാക്കി; ദാസന്റെ പ്രകൃതി സ്വീകരിച്ചു; മനുഷ്യരൂപമെടുത്തു; താഴ്മയുടെ ജീവൽനികേതനമായി. അപ്പോൾ ദൈവം അവിടുത്തെ ഏറ്റവുമധികം ഉയർത്തി. എല്ലാ നാമങ്ങളെക്കാളും ഉപരിയായ നാമം നൽകി (പീലി.2-911). അഗതിയായ യേശുവിനെ മനസ്സിലാക്കാനും അനുഭവിക്കാനും അവിടുത്തെ മാർക്ഷം പിന്തുടരുവാനും ആഗ്രഹിക്കുന്നവർക്കൊക്കെ ഈ കൃതി വലിയ ഉൾക്കാഴ്ച്ചയും പ്രചോദനവും പകരുന്നു.

ഗ്രന്ഥം എട്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യത്തേതിന്റെ പ്രമേയം അഗതികളിൽ അഗതിയായവന്റെ പ്രാക് രൂപങ്ങളായ ആദാം, അബ്രാഹം, മോശെ, ഏലിയാ എന്നീ ഗതികെട്ടവരായവർ ഗതി ലഭിക്കുന്നതിനായി ദൈവത്തെ അള്ളിപ്പിടിച്ചപ്പോൾ ഗതിലഭിച്ചവരായിത്തീർന്നതിന്റെ ആഖ്യാനങ്ങളാണ്. രണ്ടാം ഭാഗം അഗതിയായ യേശുവിന്റെ ബാല്യകാലത്തെ ചിത്രീകരിക്കുന്നു. യേശുവെന്ന

ശിശുവിന്റെ പ്രതീകങ്ങളാണ് സ്നാപകനും, ബെത്‌ലെഹെമിലെ കുഞ്ഞിപ്പൈതങ്ങളും. അവിടുന്ന് കുട്ടികളുടെ കൂട്ടുകാരനായിരുന്നു. ചെറിയവരായ അവരാണ് സ്വർക്ഷരാജ്യത്തിൽ വലിയവരെന്ന് യേശു പ്രഖ്യാപിച്ചു.

പ്രഘോഷണത്തിനൊരുക്കമായി പാപികളുടെ മാമോദീസാ മുങ്ങിക്കൊണ്ട് പാപമായിത്തീർന്നവനേയും, പ്രലോഭിതർക്കൊരു സദ്വാർത്തയാകുവാൻ പ്രലോഭിതനായവനേയും നമുക്ക് പരിചയപ്പെടുത്തുന്നു മൂന്നാം ഭാഗത്തിൽ. നാലാം ഭാഗത്തിന്റെ ശീർഷകം ഇരിപ്പിന്റെ സുവിശേഷമെന്നാണ്. അന്ധകാരത്തിൽ ഇരിപ്പുറപ്പിച്ചിരിക്കുന്നവരോടുകൂടി യേശു ചെന്നിരുന്നപ്പോൾ അവർ അവിടുത്തെപ്പോലെ പ്രകാശതനയരായി രൂപാന്തരപ്പെട്ടു. മനുഷ്യപുത്രനായിത്തീർന്നവൻ വിരുന്നിനിരിക്കുന്നതിന്റെ എട്ട് ആഖ്യാനങ്ങളുണ്ട്. സ്വർക്ഷീയ തലത്തിലേക്ക് അഗതികളായവരെ ആനയിക്കുന്ന സദ്വാർത്തയുടെ പ്രഘോഷണങ്ങളാണ് ആ പാഠങ്ങളെല്ലാം. ദിവ്യനന്ദനൻ വിരുന്നിനിരുത്തുന്നവനുമാണ് (മത്താ.14:13-21; മർക്കോ.8:1-9; യോഹ.21:1-14). ഉപവിഷ്ടനായ പ്രബോധകനെ ലൂക്കാ.4:14-22; മത്താ.5-7;മർക്കോ.12:41-44, 13:1-13 എന്നീ ഭാഗങ്ങൾ അവതരിപ്പിക്കുന്നു. അഗതികളെ ദൈവരാജ്യത്തിലെ അംഗങ്ങളാക്കിത്തീർത്തുകൊണ്ട് ഗതി നൽകുന്നവയാണ് ആ പ്രഘോഷണങ്ങളൊക്കെ.

“അഗതികളുടെ അത്താണി”യെന്ന അഞ്ചാം ഭാഗത്തിൽ അഗതികളിൽ അഗതിയായിത്തീർന്നവൻ വ്യധിതർക്ക് സൗഖ്യം നൽകുന്നു; പരേതർക്ക് പുതുജീവനേകുന്നു. ഉപമകളിലെ ദർശനമാണ് ആറാം ഭാഗത്തിന്റെ പ്രമേയം. “അഗതിയുടെ ഗതിവിഗതികൾ” എന്ന ഏഴാം ഭാഗത്തിൽ യേശുവിന്റെ ഗതികെട്ട ജീവിതം നിരത്തി വയ്ക്കുന്നു. അവിടുത്തെ ദൈവദൂഷകൻ, പാപികളോടൊത്ത് സഹവസിക്കുന്നവൻ, പാപികളോടൊത്ത് പന്തിയിലിരുന്നവൻ, വയറൻ, കുടിയൻ, സാബത്തുലംഘകൻ, ബേൽസെബൂലിന്റെ അനുചരൻ തുടങ്ങിയ ആരോപണങ്ങൾ ഗതിവിരോധകളായ മതരാഷ്ട്രീയ നേതാക്കന്മാർ നിരത്തിവെച്ചു; പരീക്ഷിക്കുവാൻ ചോദ്യങ്ങളുതിർത്തു. പ്രബോധനങ്ങളേയും പ്രബോധകനേയും തിരസ്കരിച്ചു. അത്തരം നീചപരിഷകൾക്കെതിരായി മൂർച്ചയേറിയ പ്രതികരണങ്ങളാണ് അഗതികളിൽ അഗതിയായവൻ തൊടുത്തുവിട്ടത്. ഫലമോ ലോകദൃഷ്ടിയിൽ അവിടുന്ന് പരാജിതനായിത്തീർന്നു, ഒറ്റിക്കൊടുക്കപ്പെട്ടു, പ്രഹരിക്കപ്പെട്ടു, അവഹേളിക്കപ്പെട്ടു, ശിഷ്യരാലും, പിതാവിനാൽപോലും ഉപേക്ഷിക്കപ്പെട്ടു, കുരിശിൽ തറക്ക

പ്പെട്ടു. എന്നാൽ ആ പരാജയം വിജയത്തിന്റെ നാന്ദിയായിരുന്നു. അവിടുന്ന് മഹത്ത്വീകൃതനായി ഉയിർത്തെഴുന്നേറ്റു; സ്വർക്ഷത്തി ലേക്ക് ആരോഹണം ചെയ്തു; ആ നാമം സർവ്വനാമങ്ങളേയുംകാൾ സമുന്നതമായിത്തീർന്നു.

അഗതികളുടെ കൂട്ടായ്മയാകാൻ വിളിക്കപ്പെട്ടവരാണ് അവി ടുത്തെ അനുയായികൾ. അവർ നവ്യധാർമ്മികതയുടെ നിദർശന ങ്ങളായി തീരണം. അനുധാവനം ചെയ്യുന്നവരുടെ ദൗത്യമെന്തെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് ഈ വിശിഷ്ടമായ കൃതി സമാപിച്ചിരിക്കു ന്നു. ഗ്രന്ഥകാരൻ കേരളസഭക്ക് നൽകിയിരിക്കുന്ന ഒരു വലിയ മുൽകൂ ട്ടാണ് ഈ ഗ്രന്ഥം. അദ്ദേഹം ഏവരുടേയും അഭിനന്ദനം അർഹി ക്കുന്നു. കൃതിയുടെ കോപ്പികൾ ഗ്രന്ഥകർത്താവിൽനിന്ന് ലഭിക്കു ന്നതാണ്.

# YESU JEEVANA CHARITHE

*YESU JEEVANA CHARITHE* the first musical rendition of the Life History of Jesus is a milestone in the history of the world of Kannada Christian music.

By way of making a great contribution to the world of Kannada Christian music, the solemn release of an audio musical CD was held at Christha Vidyalaya, Bangalore on 22 June 2014. The CD carries the musical rendering of 718 selected poems composed in Gamaka Raaga. The poems are based on the book entitled *Yesu Jeevana Charithe Mahakavya* (a long poem on the Life History of Jesus) written i*n Bhamini Shatpadi* prosodic metre by Prof. Narahari, a Hindu by faith.

These poems chanted in Gamaka Raaga also speak of the sheer hard work of Fr. Antony Payyappilly CMI and his deep devotion to Kannada language. Fr. Antony is the producer of this musical enterprise and the Principal of Christha Vidyalaya.

This audio musical creation has already been scripted in golden letters in the history of the world of Kannada Christian Music. Since ancient times the Gamaka Raaga has been in use in the temples of

Karnataka to sing out verses from Mahabharatha and Ramayana.

The theme of *Yesu Jeevana Charithe Mahakavya* is comprised of *2011* poems composed by Prof. Narahari in Bhamini Shatpadi prosodic metre. The work conveys the life history and teachings of Jesus. Versification in Shatpadi prosodic metre is something unique found only in Kannada language and literature. These are poems with six *PAADAS* (feet) with 3 and 4 initially rhyming *GANAS* (rhythm units). The 1st, 2nd 4th and 5th *PAADAS* are with 4 *GANAS* and the 3rd and 6th *PAADAS* with 6 *GANAS.* These verses are very suitable for recitation in Gamaka style. The first Mahakavvya composed in Shatpadi style is *Karnataka Katha manjari.* This long poem with as many as *8000* constituent poems was written by Kumaravyasa in the 14th century. Thereafter no one ventured to compose long poems in this style. When *Yesu Jeevana Charithe Mahakavya* took birth, it marked the beginning of the return of *Shatpadi* of yore. *Yesu Jeevana Charithe* is just an attempt to bring out the musical rendition of this book.

It is a matter of great pride for every Indian that this artistic creation is the first Christian poetic collection in Gamaka Raaga. It is worth noting that at a time when religious fundamentalists are rampant and rule the roost in some parts of the country, this majestic creation of poems emerged in modern India from the glorious pen of a Hindu poet. Again it is hoped that this musical rendition laced with background music rendered by 20 Hindu devotees of Kannada poetry along with explanations codified by other artistes will evoke feelings of religious harmony and brotherhood among people. It may also be noted that after every verse in the poem, its explanation has been arranged in both Kannada and English. This must go a long way for the listeners to clearly understand and assimilate Christ's message. This 17 hour long poetic chanting is also sure to serve as the symbol and instrument of religious harmony.

A musical icon as it is, it is also a means and collective effort to present Jesus to Indians through enculturation by translating to people's hearts Jesus" life, teachings and the Gospel values. No doubt it has

set a start for the enhancement of the artistic form of Gamaka and its growth to an international standard. It may be mentioned that the whole enterprise came to materialize thanks to the dedication and perseverance of Rev.Fr. Antony Payyappilly CMI, *Principal* of Christha Vidyalaya, and a member of the religious congregation , CMI (Carmelites of Mary Immaculate), whose founder Blessed Kuriakose Elias Chavara, will be canonized in Vatican on 23rd November2014.

The releasing ceremony of the audio musical CD was officiated by Rev.Fr.Thomas Aykara CMI, Rector, Dharmaram college and Chancellor of Christ University, Bangalore, on 22 June 2014. Monsignor Jayanathan, the Vicar General of Bangalore Archdiocese, Gaanavidushi Smt. Sukanya Vijaya Kumar who did the *direction of* the programme , poet and professor Narahari and the producer Fr.Antony Payyappilly CMI were present on the dais, it may be recalled that the underlying force behind this enterprise is the rich legacy of the contributions made to the Kanndada language , literature, culture and music by the premiere institutions of Dharmaram College and Christ University located at the heart of the Capita! of Karnataka-the Garden City of Bangalore. This is the second artistic creatioiji-taken place in Christha Vidyalyaya. The release of *Yesu Jeevona Charithe Mahakavyo* composed in Shatpadi had been held in 2011 at Christha Vidyaiaya . This audio musical CD also matters as the first fruit brought out by the Green View Studio in Christ University, Bangalore, an Institution of Internationa! repute and standard in the country.

*കർമ്മലയിലെ സൗഗന്ധികങ്ങൾ*

# ഫാ. മാത്യു കൂട്ടുങ്കൽ
## (1941-2014)



അഗാധമായ മനുഷ്യനന്മയുടെയും അപരിമേയമായ സഭാസ്നേഹത്തിന്റെയും ആൾരൂപമായിരുന്ന, കോട്ടയം സെന്റ് ജോസഫ് പ്രവിശ്യാംഗം ബഹു. മാത്യു കൂട്ടുങ്കലച്ചൻ 2014 ഓഗസ്റ്റ് 28-ാം തിയതി രാവിലെ 11.00 മണിക്ക് നമ്മെ പിരിഞ്ഞ് നിത്യസമ്മാനത്തിനായി യാത്രയായി. ലിവർ സിറോസിസ് രോഗമായിരുന്നു മരണകാരണം. രണ്ടു തവണകളായി മൂന്നു ആഴ്ചകളോളം ആശുപത്രിയിൽ ആയിരുന്നു അദ്ദേഹം. ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ അതീവ വേദനയുടെ ആധിക്യത്താൽ കഷ്ടപ്പെടുമ്പോഴും പരാതികളില്ലാതെ പക്വതയോടെ സഹനങ്ങൾ ഏറ്റുവാങ്ങി, തന്നെ ശുശ്രൂഷിച്ചിരുന്ന നഴ്സുമാരെ വരെ അച്ചൻ അത്ഭുതപ്പെടുത്തി. അവസാനദിനങ്ങളിൽ പ്രാർത്ഥന ചൊല്ലാൻ ശേഷിയില്ലാതായപ്പോൾ ഭക്തിഗാനങ്ങൾ കേൾക്കാനുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചു. തന്നെ സന്ദർശിക്കുവാൻവരുന്ന വൈദികരോടുകൂടി കന്തീശാ ആലാഹ... എന്ന സുറിയാനി ഗാനം അദ്ദേഹം പാടിയിരുന്നു. എല്ലാം മുൻകൂട്ടി തിരിച്ചറിഞ്ഞിട്ടെന്ന പോലെ, തന്റെ സംസ്കാരത്തിനു ആഘോഷമായ കുർബാന ചൊല്ലണമെന്ന് മരണത്തിന്റെ തലേന്ന് അദ്ദേഹം സുപ്പീരിയറച്ചനോട് അഭ്യർത്ഥിച്ചു. പൂർണബോധത്തോടെ, പ്രശാന്തതയോടെ, ഞാൻ ഇനി മുതൽ മാലാഖമാരുടെ ലോകത്തായിരിക്കും എന്നു പറഞ്ഞുകൊണ്ട് അച്ചൻ നമ്മെ വേർപിരിഞ്ഞു.

ഇംഗ്ലീഷ് ഭാഷയിൽ അദ്ദേഹമെഴുതിയ 'ഇറ്റ്സ് ഗ്രേറ്റ് ടു ഫർഗീവ് ആൻഡ് സാക്രിഫൈസ്' എന്ന ഗ്രന്ഥം പ്രസിദ്ധീകരണനടപടികളുടെ അവസാനഘട്ടത്തിലാണ്. അതിന്റെ മലയാളപരിഭാഷയും അച്ചൻതന്നെ തയ്യാറാക്കിയിട്ടുണ്ട്. പദനിഷ്പത്തിയുമായി ബന്ധപ്പെട്ട രണ്ട് ഗ്രന്ഥങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാള

ത്തിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും ലത്തീനിലുമൊക്കെയുള്ള അച്ചന്റെ അഗാധമായ അറിവിന്റെ അക്ഷരരൂപങ്ങളായിരുന്നു ആ കൃതികളൊക്കെ. ആ അറിവ് പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. വർഷങ്ങളോളം മുത്തോലി മൈനർ സെമിനാരിയിൽ ഭാഷാധ്യാപകനായി അദ്ദേഹം സേവനം ചെയ്തു.

പാലാ ഇടമറുക് കൂട്ടുങ്കൽ ജോസഫ് മറിയം ദമ്പതികളുടെ മകനായി 1941-ൽ ആണ് അച്ചൻ ജനിച്ചത്. 1961-ൽ സി.എം.ഐ. സഭയിൽ പ്രഥമവ്രതവാഗ്ദാനം നടത്തി. 1968-ൽ വൈദികനായി. 1969 മുതൽ മൂന്നു ഘട്ടങ്ങളിലായി എട്ടുവർഷത്തോളം ദീപികയിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു. ദീർഘകാലം പാലാ സെന്റ് വിൻസെന്റ് സ്കൂളിൽ അധ്യാപകനും ബോർഡിംഗ് റെക്ടറുമായിരുന്നു. 1974 മുതൽ രണ്ടു വർഷത്തോളം മാന്നാനം കെ.ഇ. കോളേജിൽ ലക്ചററായി സേവനം ചെയ്തു. ദീപിക ന്യൂസ്എഡിറ്ററായും, വാരാന്തപ്പതിപ്പിൽ എഡിറ്ററായും, ദീപികയുടെ ലൈബ്രേറിയനായും  ഫാ. കൂട്ടുങ്കൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദീപിക പത്രത്തോടൊപ്പം പ്രസിദ്ധീകരിക്കുന്ന  ചോക്ലേറ്റിലെ ഇംഗ്ലീഷ് വിഭാഗത്തിനുവേണ്ടി അവസാനകാലംവരെ പതിവായി എഴുതിയിരുന്നു.

1988 മുതൽ 1993 വരെ ന്യൂയോർക്കിൽ അജപാലന ശുശ്രൂഷചെയ്തിട്ടുള്ള അച്ചൻ അമനകര, പൂഞ്ഞാർ ആശ്രമങ്ങളിൽ പ്രിയോരായും ഇടമറ്റം, പുളിയൻമല ആശ്രമങ്ങളിൽ പ്രീഫെക്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2002 മുതൽ മൂന്നു വർഷത്തോളം പ്രൊവിൻഷ്യൽ സെക്രട്ടറി ആയിരുന്നു. 2008 മുതൽ പ്രൊവിൻസിന്റെ റിസർച്ച് ആന്റ് ഡോക്യുമെന്റേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ടറായി പ്രവർത്തിച്ചു വരികയായിരുന്നു.

ഓഗസ്റ്റ് 30-ാം തിയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് അച്ചന്റെ ആഗ്രഹംപോലെ, ബഹു. പ്രൊവിൻഷ്യൽ ജോർജ്ജ് ചെറിയാൻ ഇടയാടിയിൽ അച്ചന്റെ മുഖ്യ കാർമ്മികത്വത്തിലുള്ള ആഘോഷമായ പാട്ടുകുർബാനയോടെയാണ് സംസ്കാരചടങ്ങുകൾ പാലാ സെന്റ് വിൻസെന്റ് ആശ്രമദേവാലയത്തിൽ ആരംഭിച്ചത്. ജനറൽ കൗൺസിലർ റവ. ഡോ. ജോർജ്ജ് താഞ്ചനച്ചൻ, ദീപിക ചീഫ് എഡിറ്റർ ബോബി അലക്സ് മണ്ണംപ്ലാക്കൽ അച്ചൻ, അലക്സാണ്ടർ പൈകടയച്ചൻ, സെബാസ്റ്റ്യൻ കൂട്ടുങ്കൽ അച്ചൻ തുടങ്ങിയവർ സഹകാർമ്മികരായിരുന്നു. മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ സൈമൺസ്റ്റോക് സി.എം.ഐ. എന്നീ പിതാക്കന്മാരുടെ മുഖ്യ

കാർമ്മികത്വത്തിൽ അവസാനഘട്ട സംസ്കാര ശുശ്രൂഷകൾ നട ന്നു. ബഹു. അലക്സാണ്ടർ പൈകടയച്ചൻ അത്യന്തം ഹൃദയ സ്പർശിയായ അനുസ്മരണ സന്ദേശം നൽകി. നിരവധി വൈദിക രും, സന്യസ്തരും, രാഷ്ട്രീയ, സാമൂഹിക രംഗത്തെ പ്രമുഖരും അച്ചന്റെ ബന്ധുക്കളും സുഹൃത്തുക്കളും നാട്ടുകാരും അന്ത്യോപ ചാരം അർപ്പിക്കുവാനായി എത്തിയിരുന്നു.

ഒരു മനുഷ്യനോടുപോലും ഉള്ളിൽ നീരസ്സം സൂക്ഷിക്കാതെ എല്ലാ വരേയും കരുതലോടെ പരിഗണിച്ച് ആഴമായ ആന്തരികതയിൽ ജീവിച്ച കൂട്ടുങ്കൽ അച്ചൻ നിത്യസമ്മാനത്തിനായി യാത്രയായി.

*Carmela Sandesam*
CMI Bulletin
CMI Generalate, Chavara Hills
P.B. No. 3105, Kakkanad P.O.
Kochi - 682 030

No. 225, October 2014
Phone : 0484-4070004
0484-4070015
E-mail: sthekkedathu@gmail.com
*For Private Circulation*

അടുത്ത ലക്കത്തിലേക്കുള്ള മാറ്റർ
2014 നവബർ 30 നകം ഓഫിസിൽ
കിട്ടിയിരിക്കണം

All rights reserved, Reproduction in any manner, in whole or part,
without prior written permission prohibited.
Editor : **Fr. Sebastian Thekkedathu CMI**

Printed and Published by Fr. Sebastian Thekkedathu
for the CMI General Secretariat for Media of Communication